LIBRARY ARCHIVES Kerala Legislative Assembly

മീത്തലെമ്പാട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

159 (4594) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം മണ്ഡലത്തിലെ പന്ന്യന്നൂർ പി.എച്ച്.സി.യുടെ കീഴിൽ പ്രവർത്തിക്കുന്ന മീത്തലെമ്പാട് കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ വ്യാഴാഴ്ചതോറും നടത്തുന്ന ക്ലിനിക്കിലും മാസംതോറും പ്രതിരോധ കുത്തിവയ്പ് നടത്തുന്ന ദിവസങ്ങളിലും ഡോക്ടർമാരുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടുംബക്ഷേമ കേന്ദ്രത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്താനും വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പി.എച്ച്.സി.-യിൽ മുമ്പ് ഉണ്ടായിരുന്ന ഡോക്ടറുടെ സേവനം ഇല്ലാതെ പോയത് ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണോ ; അല്ലെങ്കിൽ ഇത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഡോക്ടറുടെ സാന്നിദ്ധ്യം നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരിൽ നിന്നൊക്കെയാണ് നിവേദനം ലഭിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) എല്ലാ വ്യാഴാഴ്ചകളിലും നടത്തുന്ന ക്ലിനിക്കിലും മാസംതോറും നടത്തുന്ന പ്രതിരോധ കുത്തിവയ്പിലും ഡോക്ടർ ഹാജാകാറുണ്ട്.

(സി) ബാധകമല്ല.

(ഡി-ഇ) ഇല്ല.

പനിബാധിച്ച് മരണപ്പെട്ടവരും ചികിത്സയിൽ കഴിയുന്നവരും

160 (4595) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിൽ ഡങ്കിപ്പനി ബാധിച്ച് എത്ര പേർ മരിക്കാനിടയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) രോഗനിർണ്ണയം നടത്തി ചികിത്സ നടത്തിവരുന്ന എത്ര പേരുണ്ട് ;

(സി) ഈ പനി തടയാനും നിയന്ത്രിക്കാനും എന്തെല്ലാം നടപടികളാണ് മണ്ണാർക്കാട് താലൂക്ക് ആരോഗ്യവകുപ്പ് അധികൃതർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;